പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7530 — 14.7.2014 ൽ മറുപടിയ്ക്ക്

സുപ്രീംകോടതി ഉത്തരവു പ്രകാരം സ്വീകരിച്ച നടപടി

ചോദ്യം — മറുപടി

ഡോ.കെ.ടി.ജലീൽ — ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വികലാംഗരുടെ നിയമനവും പ്രൊമോഷനുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നമ്പർ 9096/2013 ഉത്തരവ് പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും 36012/24/2009 നമ്പർ ഓഫീസ് മെമ്മോറാണ്ടം ലഭിച്ചിരുന്നോ; | (എ) ലഭിച്ചിരുന്നു. |
| (ബി) എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി) യൂണിയൻ ഇന്ത്യ Vs നാഷണൽ ഫെഡറേഷൻ ഓഫ് ബ്ലൈൻഡ് സംബന്ധിച്ച കേസിൽ PWD Act 1995 ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് (അനുകൂലമായി) ബഹു:സുപ്രീം കോടതി പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായം അനുസരിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടത്തിലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്ക് 5.3.2014 ലെ സർക്കാർ കത്ത് നം.18399/D1/13/SJD പ്രകാരം ബന്ധപ്പെട്ട എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിരുന്നു. |
| (സി) സാമൂഹ്യനീതി വകുപ്പ് ഈ ഉത്തരവിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചതായി സർക്കാരിനെ അറിയിച്ചിട്ടുണ്ട് ? | (സി) പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1995 ലെ PWD Act ലെ 32-ാം വകുപ്പ് പ്രകാരം സാമൂഹ്യനീതി വകുപ്പിൽ പി.എസ്.സി മുഖേന നേരിട്ട് നിയമനം നടത്തുന്ന തസ്തികകൾ അംഗപരിമിതർക്ക് അനുയോജ്യമായ തസ്തികയായി കണക്കാക്കിയിട്ടുണ്ട്. LDC, LD Typist, Typist/Clerk, Office Attendant എന്നീ തസ്തികകളാണ് സാമൂഹ്യനീതി വകുപ്പിൽ നേരിട്ട് നിയമനം നടത്തി മേൽ പരാമർശിത തസ്തികയിൽ 3% അംഗപരിമിതർക്കായുള്ള സംവരണം നടന്നിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ